**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4817 04.07.2012 - ലെ മറുപടിക്ക്

## സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആക്കിയതിന്റെ പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആക്കി വർദ്ധിപ്പിച്ച വേളയിൽപി.എസ്.സി. മുഖാന്തിരം ജോലിക്ക് അപേക്ഷിക്കുവാൻ സാധ്യമാകുന്ന ഉയർന്ന പ്രായപരിധി പൊതു-സംവരണ വിഭാഗങ്ങൾക്ക് നിലവിലുള്ളതിനേക്കാൾ ഒരു വർഷം ഉയർത്തുമെന്ന് തീരുമാനിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിരുന്നോ;<br><br>(ബി) പെൻഷൻ പ്രായം 56 ആക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച ശേഷവും, പി.എസ്.സി. വിജ്ഞാപനങ്ങളിൽ ജോലിക്കായി അപേക്ഷിക്കുവാനുള്ള ഉയർന്നപ്രായപരിധിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പി.എസ്.സി. മുഖാന്തിരം തൊഴിലിനായി അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി എല്ലാ വിഭാഗം അപേക്ഷകർക്കും ഒരുപോലെ ഓരോ വർഷം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാനും, പെൻഷൻ പ്രായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതലുള്ള എല്ലാ പി.എസ്.സി. വിജ്ഞാപനങ്ങൾക്കും പ്രസ്തുത തീരുമാനം ബാധകമാക്കുവാനും പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ; | (എ) യും (ബി) യും (സി) യും<br><br>പി.എസ്.സി വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനുള്ള എല്ലാ വിഭാഗം, ഉദ്യോഗാർത്ഥി കളുടെയും ഉയർന്ന പ്രായപരിധി 01.04.2012 മുതൽ പ്രാബല്യത്തോടെ ഒരു വർഷം ദീർഘിപ്പിച്ചുകൊണ്ട് 20.06.2012 - ൽ ജി.ഒ. (എം.എസ്) നം. 28/12/പി.ആന്റ്.എ.ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.04.2012 - നോ അതിനു ശേഷമോ പുറപ്പെടുവിച്ച പി.എസ്.സി വിജ്ഞാപനങ്ങൾ പുനർ വിജ്ഞാപനം ചെയ്യാൻ സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

(ഡി) പെൻഷൻ തീയതി ഏകീകരിക്കുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനത്തിൽ മാറ്റം വരുത്തുകയും പെൻഷൻ പ്രായം 56 ആക്കി ഉയർത്തുകയും ചെയ്തതിലൂടെ സംസ്ഥാനത്തിനുണ്ടായ സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ?

(ഡി) പെൻഷൻ പ്രായം 56 വയസ്സ് ആയി ഉയർത്തിയെങ്കിലും 2012 മാർച്ചിൽ വിരമിക്കേണ്ടിയിരുന്ന ജീവനക്കാർ 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ വിരമിക്കുകയും അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നതു കൊണ്ട് സാമ്പത്തിക നേട്ടം ഉണ്ടായിട്ടില്ല. പെൻഷൻ പ്രായം വർദ്ധിപ്പിച്ചതു കൊണ്ട്, സർക്കാരിന് ഒരു വർഷം കൂടി പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനം പൊതുജനങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതാണ്. എന്നാൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുകയും സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ പെൻഷൻ പ്രായം ഉയർത്തിയതു കൊണ്ട് യാതൊരു കോട്ടവും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ